IDUKKI

# തപാൽ വകുപ്പിൽ ഇൻഷുറൻസ് ഏജന്റ് നിയമനം

ഇടുക്കി പോസ്റ്റൽ ഡിവിഷനിൽ തപാൽ/ഗ്രാമീണ തപാൽ ഇൻഷുറൻസ് പദ്ധതിയിൽ കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ (ഡയറക്റ്റ് ഏജന്റ്സ്/ഫീൽഡ് ഓഫീസർ) നിയമിക്കുന്നു. താഴെ പറയുന്ന യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

ഡയറക്റ്റ് ഏജന്റ്

വയസ്സ്: 18 മുതൽ 50 വരെ

വിദ്യാഭ്യാസയോഗ്യത: 10 – ക്ലാസ്സ് /തത്തുല്യം

വിഭാഗങ്ങൾ: തൊഴിൽ രഹിതർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, ലൈഫ് ഇൻഷുറൻസ് ഏജന്റുമാരായി മുമ്പ് പ്രവർത്തിച്ചിട്ടുള്ളവർ, വിമുക്തഭട◌ാർ, അംഗൻവാടി ജീവനക്കാർ, മഹിളാ മണ്ഡൽ ജീവനക്കാർ, സ്വയം സഹായ സംഘങ്ങളിലുള്ളവർ, സർവീസിൽ നിന്നും വിരമിച്ച അധ്യാപകർ തുടങ്ങിയവർ.

ഫീൽഡ് ഓഫീസർ

വയസ്സ്: വിരമിച്ച സർക്കാർ ഉദ്യോഗസ്ഥർക്ക് 65 വയസ്സ് തികയുന്നത് വരെ അപേക്ഷിക്കാം. ഏതെങ്കിലും കേന്ദ്ര/സംസ്ഥാന സർക്കാർ സർവീസിൽ നിന്നും വിരമിച്ച ഗ്രൂപ്പ് എ/ഗ്രൂപ്പ് ബി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ.(ഔദ്യോഗിക/അച്ചടക്ക നടപടികൾ നിലവിൽ  ഉണ്ടാകുവാൻ പാടുള്ളതല്ല)

അപേക്ഷകർ, വയസ്സ്, യോഗ്യത, എന്നിവ തെളിയിക്കുന്ന രേഖകളുടെ കോപ്പി, രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം മൊബൈൽ നമ്പർ ഉൾപ്പടെ "സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസസ്സ്, ഇടുക്കി ഡിവിഷൻ, തൊടുപുഴ – 685584" എന്ന വിലാസത്തിൽ അപേക്ഷിക്കണം.

കോവിഡ്–19 മാനദണ്ഡങ്ങൾ പാലിച്ച ഇന്റർവ്യൂ നടത്തേണ്ടതിനാൽ ഇന്റർവ്യൂ തിയതി അപേക്ഷകരെ നേരിട്ട് അറിയിക്കുന്നതാണ്.

തിരഞ്ഞെടുക്കപെടുന്നവർ 5000 രൂപ NSC/KVP ആയി സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി ജൂലൈ 16. കൂടുതൽ വിവരങ്ങൾക്ക് 04862 222281/ 9744885457